കണ്ണൂർ പഴയ ബസ് സ്റ്റാൻഡിൽ ബസ്സുകൾ കയറുന്നതിന് നടപടി

258 (4047) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ നഗരത്തിൽ പഴയ ബസ് സ്റ്റാൻഡിൽ ബസ്സുകൾ കയറുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നം നിലവിലുണ്ടോ ;

(ബി) പഴയ ബസ് സ്റ്റാൻഡിൽ എല്ലാ ബസ്സുകളും കയറുന്നതിന് ഇപ്പോഴുള്ള തടസ്സം എന്താണ് ; ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ

(സി) ജനങ്ങളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. നേരത്തെ മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ വന്നു പൊയ്ക്കൊണ്ടിരുന്ന സ്വകാര്യ ബസ്സുകൾ ബി. ഒ. ടി. സ്റ്റാൻഡിൽനിന്ന് സർവ്വീസ് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യണമെന്ന ട്രാഫിക് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ ബഹുജനങ്ങളും, സ്വകാര്യ ബസ് മുതലാളിമാരും രണ്ട് ചേരികളായി നിലനിൽക്കുന്നതാണ് കണ്ണൂർ നഗരത്തിൽ നിലനിൽക്കുന്ന ഗതാഗത പ്രശ്നം. മുഴുവൻ സ്വകാര്യ ബസ്സുകളും പഴയ മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ പ്രവേശിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ജില്ലാ ഭരണകൂടത്തിന് ലഭിച്ചിട്ടുണ്ട്. ഇതേ ആവശ്യം ഉന്നയിച്ച് വിവിധ യുവജന സംഘടനകൾ പ്രക്ഷോഭവും നടത്തിയിട്ടുണ്ട്.

(ബി) മുഴുവൻ ബസ്സുകളും ഇരു സ്റ്റാൻഡുകളിലും കയറിയിറങ്ങി സർവ്വീസ് നടത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആയതിനാൽ പുതിയ ബി. ഒ. ടി. സ്റ്റാൻഡ് പ്രവർത്തനം തുടങ്ങിയതിനെത്തുടർന്ന് 01.01.2009 മുതൽ പഴയ സ്റ്റാൻഡിൽ പ്രവേശിക്കേണ്ട ബസ്സുകളെ സംബന്ധിച്ച് തീരുമാനമെടുക്കുകയുണ്ടായി. തീരുമാനം കർശനമായി നടപ്പാക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ജില്ലയുടെ തെക്കൻ ഭാഗങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന ഹ്രസ്വദൂര ബസ്സുകൾകൂടി പഴയ സ്റ്റാൻഡിൽ കയറണമെന്ന് 30-6-2010-ൽ ചേർന്ന ആർ. ടി. എ. യോഗം തീരുമാനമെടുത്തു. ഈ തീരുമാനം ഹൈക്കോടതിയിൽ ബോധിപ്പിച്ചിട്ടുള്ളതാണ്. ഹൈക്കോടതിയുടെ അന്തിമ തീരുമാനം അനുസരിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly